# സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ

ഉഴുവ

# അക്കാദമിക മാസ്റ്റർപ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | **സെന്റ് ജോസഫ് എൽ.പി.സ്കൂൾ ഉഴുവ** |
| സ്കൂൾ കോഡ് | : | **34324** |
| സ്കൂൾ DISE കോഡ് | : | **32111000802** |
| ബി.ആർ.സി. | : | **തുറവൂർ** |
| സി.ആർ.സി. | : | **ജി.യു.പി.എസ്., ഉഴുവ** |
| സബ് ഡിസ്ട്രിക്ട് | : | **തുറവൂർ** |
| എജ്യു.ഡിസ്ട്രിക്ട് | : | **ചേർത്തല** |
| റവന്യു ഡിസ്ട്രിക്ട് | : | **ആലപ്പുഴ** |

# ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് പാഠ്യപദ്ധതി പരിഷ്കരണത്തിനും സ്കൂളുകളുടെ പ്രവർത്തന ശൈലിക്കും മാറ്റം വരുത്തുവാൻ തുടക്കംകുറിച്ചത്. ഗുണനിലവാരത്തിലും സ്കൂൾ പ്രവേശന നിരക്കിലും അഭിമാന കരമായ വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഭാവി സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഗുണമേന്മയുള്ള വിദ്യാഭ്യാസം വിവേചന രഹിതമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം. ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിലെ (NCF 2005) നിർദ്ദേശങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. മികച്ച പാഠ്യപദ്ധതിയും പഠനോപകരണങ്ങളും ഉറപ്പുവരുത്തുവാൻ ഏറെക്കുറെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുവാൻ അക്കാദമികവും ഭരണപരവുമായ പുനഃക്രമീകരണം അനിവാര്യമാണ്. അതിന് സാമൂഹിക പങ്കാളിത്തവും ആവശ്യമാണ്.

പ്രകൃതിയെ നിരീക്ഷിക്കാനും സൂക്ഷ്മമായി പിന്തുടരാനും സംഭവങ്ങളെയും പ്രശ്നങ്ങളെയും തെളിവുകളെയും വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും പൊതുനിയമങ്ങൾ രൂപീകരിക്കാനും അതിന്റെ ആവർത്തനക്ഷമത ഉറപ്പാക്കി സിദ്ധാന്തങ്ങളിലെത്താനും കഴിവ് നൽകുന്നതായിരിക്കണം ശാസ്ത്രപഠനം. ഭാഷാപഠനം സംബന്ധിച്ച ഇന്നത്തെ ധാരണകളിലും മാറ്റംവരുത്തേണ്ടതുണ്ട്.

മാതൃഭാഷ ബോധന മാധ്യമമായി മാറണം; കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളിൽ പ്രവർത്തിക്കാനും അനുഭവങ്ങൾ ആർജ്ജിക്കാനും കുട്ടികൾക്ക് അവസരങ്ങൾ നൽകാൻ പാഠ്യപദ്ധതിയിൽ സന്ദർഭങ്ങൾ ഉണ്ടാകണം. 2009ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ സൗജന്യവും ഗുണപരവുമായ വിദ്യാഭ്യാസം ലഭ്യമാക്കാൻ ഓരോ പൗരനും അവകാശമുണ്ട്. ആയതിനാൽത്തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും മികവുറ്റ പ്രവർത്തനത്തിനും നാം കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

# "നാടിനൊരു പള്ളിക്കൂടം"

## സ്കൂൾ ചരിത്രം

വിദ്യാഭ്യാസം എന്നത് സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു. ഒരു കാലത്ത് പട്ടണക്കാട് പഞ്ചായത്തിലെ വിജ്ഞാനദീപമായി ഉഴുവ കന്നുംപുറം സെന്റ് ജോസഫ് ദേവാലയത്തിന്റെ നിയന്ത്രണത്തിൽ ഏകദേശം 94 വർഷങ്ങൾക്കു മുൻപ് ഉഴുവ സെന്റ് ജോസഫ് എൽ.പി.സ്കൂൾ സ്ഥാപിതമായി. വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ഗുരുദേവ ദർശനങ്ങൾ അക്ഷരാർത്ഥത്തിൽ പകർന്നുകൊടുത്തത് ഈ വിദ്യാലയമാണ്. ഇന്ന് ഈ വിദ്യാലയം എറണാകുളം അങ്കമാലി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലായി 80 കുട്ടികളാണ് ഇവിടെ അദ്ധ്യയനം നടത്തുന്നത്. മിക്കവാറും എല്ലാ കുട്ടികളും ദിവസവും സ്കൂളിൽ കൃത്യതയോടെ എത്തുന്നു. നിലവിലുള്ള നാല് ഡിവിഷനുകളിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അദ്ധ്യാപകർ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

12 ക്ലാസ്സ് മുറികൾ ഈ വിദ്യാലയത്തിനുണ്ട്. കൂടാതെ ആഫീസ് റൂം പ്രത്യേകമായിട്ടുണ്ട്. പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികൾക്ക് റാമ്പും റെയിലും തയ്യാറാക്കിയിട്ടുണ്ട്. ഉച്ചഭക്ഷണം തയ്യാറാക്കാൻ ആവശ്യമായ അടുക്കള സൗകര്യം ഉണ്ട്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയും, ടോയ്‌ലറ്റും ഉണ്ട്. ടോയ്‌ലറ്റിലും മൂത്രപ്പുരയിലും വെള്ളം ലഭ്യമാണ്. കുട്ടികൾക്ക് കായിക വിനോദത്തിനുതകുന്ന വിശാലമായ കളിസ്ഥലവും സ്കൂളിനുണ്ട്. കുട്ടികൾക്ക് ആവശ്യത്തിന് പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന സ്കൂൾ ലൈബ്രറിയും ഉണ്ട്. കുട്ടികൾ ഒഴിവു സമയങ്ങളിൽ ലൈബ്രറി ഉപയോഗിക്കുന്നുമുണ്ട്.

ഉച്ചഭക്ഷണം കൂടാതെ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തിലും മേൽനോട്ടത്തിലും 2017 നവംബർ മുതൽ ഈ സ്കൂളിലെ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണവും നൽകിവരുന്നു. മാസംതോറുമുള്ള ക്ലാസ്സ് പി.റ്റി.എ.കളിലും ടേം തോറുമുള്ള പി.റ്റി.എ. പൊതുയോഗങ്ങളിലും രക്ഷിതാക്കൾ കൃത്യമായി പങ്കെടുത്തുവരുന്നു. ശ്രീ.സുനിലിന്റെ നേതൃത്വത്തിലുള്ള 11 അംഗ പി.റ്റി.എ. സമിതിയും ശ്രീമതി ലയയുടെ നേതൃത്വത്തിലുള്ള 7 അംഗ എം.പി.റ്റി.എ.യും സജീവമായി പ്രവർത്തിച്ചുവരുന്നു. 2018 ജനുവരി 26-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥിസംഗമം ശ്രീ.സുഗുണൻ ചെയർമാനായും ശ്രീ.പി.ഒ.ബിജു കൺവീനറുമായുള്ള 11 അംഗസമിതി സ്കൂൾ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു. തുടർന്ന് ഈ സമിതിയെ എസ്.എസ്.ജി.ആയി നിലനിർത്താൻ ആഗ്രഹിക്കുന്നു. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ എസ്.എസ്.എ.സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും പരിശീലനങ്ങളിലും അദ്ധ്യാപകർ പങ്കെടുത്തുവരുകയും ആഴ്ചയിൽ എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി. കൂടുന്നതിന് മുൻകൈ എടുക്കുന്നു.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്.ആർ.ജി. | ആഴ്ചയിലൊരിക്കൽ (വെള്ളിയാഴ്ച) എസ്.ആർ.ജി.യോഗം കൂടുകയും പാഠാവലോകനവും പാഠാസൂത്രണവും നടത്തുന്നു. പ്രയാസമുള്ള പാഠഭാഗങ്ങൾ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നു. പഠനോപകരണങ്ങൾ കണ്ടെത്തുന്നു. |
| എം.പി.റ്റി.എ. | ആഘോഷവേളകളിൽ ഉച്ചഭക്ഷണകാര്യങ്ങളിൽ പങ്കാളികളാകുന്നു. |
| എസ്.എസ്.ജി. | സ്കൂളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എസ്.എസ്.ജി.യുടെ പങ്കാളിത്തമുണ്ട്. |
| ജാഗ്രത സമിതി | പുകയില ഉല്പന്നങ്ങളുടെ നിർമ്മാർജ്ജനം, കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയ്ക്ക് ജാഗ്രത സമിതി മുൻകൈയ്യെടുക്കുന്നു. |
| ക്ലബ്ബുകൾ | ഗണിതക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. |
| ലൈബ്രറി | എല്ലാവർക്കും പുസ്തകങ്ങൾ വിതരണം ചെയ്യുകയും ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. |
| കമ്പ്യൂട്ടർ | കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു.ഡ |

# കാഴ്ചപ്പാട്

## കുട്ടികളുടെ സജീവ പങ്കാളിത്തവും നേതൃത്വശേഷിയും

### സ്കൂൾ അസംബ്ലി

കുട്ടികളുടെ നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്ന തരത്തിലും അസംബ്ലിയെ പുനഃസംഘടിപ്പിക്കുക. വേറിട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ വികസിപ്പിക്കണം. എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക. എൽ.കെ.ജി.മുതലുള്ള കുട്ടികളെ 5 ഹൗസായി തിരിച്ച് ഓരോ ദിവസവും അസംബ്ലി നടത്തുന്നു. മികച്ച ഹൗസിന് വാരാന്ത്യം ട്രോഫി നൽകുന്നു.

### ദിനാചരണങ്ങൾ

സവിശേഷദിനങ്ങളുടെ പ്രാധാന്യവും പ്രത്യേകതയും ബോധ്യപ്പെടുത്തുക. അക്കാദമിക പ്രവർത്തനങ്ങളുമായി ദിനാചരണങ്ങളെ ബന്ധിപ്പിക്കുക. സ്കൂളും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുക. സാഹിത്യം, ചരിത്രം, ദേശീയം, ശാസ്ത്രം എന്നിങ്ങനെ വിശേഷദിവസങ്ങളെ ചാർട്ട് ചെയ്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

**സാഹിത്യ സമാജം – ബാലസഭ**

കുട്ടികളിലെ കലാസാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനും സാഹിത്യസമാജം പ്രയോജനപ്പെടുത്തും. വാരാന്ത്യം ഓരോ ഹൗസിന്റേയും ബാലസഭ.

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയശേഷി, ശാസ്ത്രാവബോധം എന്നിവ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ വളർത്തിയെടുക്കും. നേച്ചർ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ജി.കെ.ക്ലബ്ബ് എന്നിവ പ്രവർത്തിക്കുന്നു.

**നിലവാരമുള്ള ഭൗതിക സാഹചര്യങ്ങൾ**

പൂന്തോട്ടം, കൃഷിത്തോട്ടം, ഔഷധത്തോട്ടം ഇവ നിർമ്മിച്ച് പ്രയോജനപ്പെടുത്തുക, ടാപ്പുകൾ, ശാസ്ത്രീയമായ ഒഴുക്കുചാൽ, ശൗചാലയങ്ങൾ, മാലിന്യസംഭരണപാത്രങ്ങൾ, വായനാമുറി എന്നിവ പ്രയോജനപ്പെടുത്തുക, പാചകപ്പുര നിർമ്മിക്കുക, വെള്ളക്കെട്ട് ഒഴിവാക്കുക.

**കലാ–കായിക പ്രവൃത്തിപരിചയാനുഭവങ്ങൾ**

കലാ-കായിക, പ്രവൃത്തി പരിചയമേളകളിലെ ഇനങ്ങളിലെല്ലാം എല്ലാ കുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുക, പങ്കാളിത്തം ഉറപ്പാക്കുക.

**ഹരിത മനോഹര ശുചിത്വ വിദ്യാലയം**

വൃത്തിയുള്ളതും സസ്യവൈവിദ്ധ്യമുള്ളതുമായ സ്കൂൾ കോമ്പൗണ്ട് ഒരുക്കുക.

**കമ്പ്യൂട്ടർ വിദ്യാഭ്യാസം**

എല്ലാ അദ്ധ്യാപകരും കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ കഴിവ് നേടുക. നാലാം ക്ലാസ്സ് കഴിയുന്ന വിദ്യാർത്ഥിക്ക് അത്യാവശ്യം കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനും പഠന വിഷയങ്ങളുമായി ബന്ധപ്പെടുത്താനുമുള്ള കഴിവും നേടുക.

**പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പിന്തുണ**

റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണം. ടി.എൽ.എം.ൽ പ്രത്യേക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കുട്ടിയുടെ പങ്കാളിത്തം ഉറപ്പിച്ച് പിന്തുണ നൽകുക.

**വായനാവസന്തം**

എല്ലാവരേയും നല്ല വായനക്കാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

**പരീക്ഷണം**

ശാസ്ത്രപ്രക്രീയാശേഷികൾ വളർത്തുന്നതിനുള്ള പരീക്ഷണങ്ങൾ ചെയ്യിക്കുക.

**പഠനയാത്ര**

ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവ അക്കാദമിക മികവിനായി സംഘടിപ്പിക്കുക.

# ദിനാചരണങ്ങൾ

## ജൂൺ

5. പരിസ്ഥിതി ദിനം ഹരിതക്ലബ്ബ് ഉദ്ഘാടനം

* എന്റെ ചെടി
* വാഴത്തൈ നടൽ
* 'ഇൽസമയം പ്രകൃതിക്കായ്' പ്രകൃതി സംരക്ഷണ പ്രവർത്തനം
* പ്ലക്കാർഡ് നിർമ്മാണം
* പരിസ്ഥിതി ദിന ക്വിസ്.

19. വായനാദിനം

19-6 - വായനാശാല സന്ദർശനം
20-6 - വായനാമത്സരം
23-6 - കുടുംബ വായന
24-6 - വായനാദിന ക്വിസ്
25-6 ബാഡ്ജ് നിർമ്മാണം
26-6 വായനമത്സരം, അമ്മവായന, സമ്മാനദാനം
ഭാഷാ ക്ലബ്ബ് ഉദ്ഘാടനം.

## ജൂലൈ

1. ഡോക്ടേഴ്സ് ഡേ

* ആദരിക്കൽ.
* ആശംസ കാർഡ് നിർമ്മിക്കൽ.
* കുട്ടി ഡോക്ടർ വീഡിയോ.

5. വൈക്കം മുഹമ്മദ് ബഷീർ ദിനം

* ക്വിസ്
* പതിപ്പ്

16. സ്കൂൾ സുരക്ഷാദിനം.

* കുട്ടികൾ ശ്രദ്ധിക്കേണ്ട സുരക്ഷാമാർഗ്ഗങ്ങൾ
* ഫസ്റ്റ് എയ്ഡ്
* വീഡിയോ പ്രദർശനം.

21 ചാന്ദ്രദിനം
* സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ് ഉദ്ഘാടനം.
* വീഡിയോ പ്രദർശനം
* ചാന്ദ്രദിന പതിപ്പ്

27 അബ്ദുൾകലാം ഓർമ്മദിനം.
* പ്രത്യേക അസ്സംബ്ലി
* ക്വിസ്
* വീഡിയോ പ്രദർശനം.

അഗസ്റ്റ്

1 ദേശീയ പർവ്വതാരോഹണ ദിനം
- വീഡിയോ പ്രദർശനം

4 സൗഹൃദ ദിനം
- ആശംസാകാർഡ് കൈമാറൽ

6 ഹിരോഷിമ ദിനം

9 നാഗസാക്കി ദിനം
- വീഡിയോ പ്രദർശനം
- ക്വിസ്

12 world elephant day
- വീഡിയോ പ്രദർശനം.

15 - സ്വാതന്ത്ര്യ ദിനം
* ബലൂൺ ഡാൻസ്
* പതാക നിർമ്മാണം
* ക്വിസ്

18 കർഷക ദിനം
* കൃഷിത്തോട്ട സന്ദർശനം
* കർഷകനുമായി അഭിമുഖം.

20 നാട്ടറിവ് ദിനം

27 ഓണാഘോഷം

## സെപ്തംബർ

5 അധ്യാപക ദിനം

8 ക്ലാസ് പി. ടി. എ

15 അന്താരാഷ്ട്ര ജനാധിപത്യ ദിനം

* വോട്ടിങ്

16 ഓസോൺ ദിനം

* വീഡിയോ പ്രദർശനം.

18 * ലോക മുള ദിനം

* വീഡിയോ പ്രദർശനം.

## ഒക്ടോബർ

1 പുഞ്ചിരി ദിനം

കുടുംബ പുഞ്ചിരി വീഡിയോ

8 വ്യോമസേന ദിനം

- വീഡിയോ പ്രദർശനം

9 തപാൽ ദിനം

- പോസ്റ്റോഫീസ് സന്ദർശനം.
- കത്തെഴുതൽ

15. APJ അബ്ദുൾ കലാം ജന്മദിനം

ലോക വിദ്യാർത്ഥി ദിനം.

* ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ
* വീഡിയോ പ്രദർശനം
* കൃതികൾ, വാക്കുകൾ പരിചയപ്പെടുത്തൽ.

16 ഭക്ഷ്യദിനം

* പോഷക സമൃദ്ധമായ ഭക്ഷണ പ്രദർശനം.

27 വയലാർ രാമവർമ്മ ചരമദിനം

* സ്മൃതിമണ്ഡപം സന്ദർശനം.

29. ലോക ഇന്റർനെറ്റ് ദിനം

* സ്കൂൾ youtube launching

31 ഇന്ദിരാഗാന്ധി - സർദാർ പട്ടേൽ ദിനം
വീഡിയോ പ്രദർശനം

## നവംബർ

1 കേരളപ്പിറവി
കേരള മക്ക, കേരളശ്രീമാൻ വേഷധാരണം

10. ആയുർവേദ ദിനം
ഔഷധസസ്യ പരിചയം

12. സലിം അലി ദിനം
- വീഡിയോ പ്രദർശനം

14 ശിശുദിനം
കളറിങ്ങ്, ക്വിസ്

20 - അംഗനവാടി കിഡ്സ് ഫെസ്റ്റ്

21 - ഹലോ ദിനം
ഇംഗ്ലീഷ് ദിനം

29 - സ്കൂൾ ടൂർ

## ഡിസംബർ

1 - നന്മയുടെ പൂമരം

3 - ഭിന്നശേഷി ദിനം

5 - മണ്ണ് ദിനം - ചീര നാകൽ

19 - ക്രിസ്തുമസ് ദിനാഘോഷം

## ജനുവരി

1 പുതുവർഷാഘോഷം
* ആശംസാകാർഡ് കൈമാറൽ

15. സേവ ദിനം

29 - Indian news paper day.

## ഫെബ്രുവരി

2 . ലോക തണ്ണീർത്തട ദിനം
വീഡിയോ പ്രദർശനം

13 . റേഡിയോ ദിനം

20 . ലോക മാതൃഭാഷാ ദിനം .

23 . Spelling mega

27 - G K mega Quiz

## മാർച്ച്

6 School Anniversary

# 2025-26 വർഷത്തെ തുടർ പ്രവർത്തനങ്ങൾ

## ① Spelling test

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ തിങ്കളാഴ്ചയും കുറഞ്ഞത് 10 വാക്കുകൾ നൽകി test നടത്തുന്നു. എല്ലാ വാക്കുകളും തെറ്റാതെ എഴുതുന്ന എല്ലാ കുട്ടികൾക്കും സമ്മാനം നൽകുന്നു. മാസാവസാനം ആ മാസത്തെ എല്ലാ വാക്കുകളും വീണ്ടും test നടത്തുന്നു.

## ② General knowledge quiz

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ വെള്ളിയാഴ്ചയും 15 പൊതുവിജ്ഞാന ചോദ്യങ്ങൾ നൽകി quiz നൽകുന്നു. മാസാവസാനം ആ മാസത്തെ മുഴുവൻ ചോദ്യങ്ങളും ഉൾപ്പെടുത്തി quiz നടത്തി സമ്മാനങ്ങൾ നൽകുന്നു.

## ③ പൊതു ഇട സന്ദർശനം

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ മാസത്തിലൊരിക്കൽ വിവിധ സേവന മേഖല ഓഫീസുകൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു.

## ④ സ്പോക്കൺ ഇംഗ്ലീഷ്

ഗൂഗിൾ ശ്രീ. വിഷ്ണുവിന്റെ സഹായത്തോടെ കുട്ടികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് കാര്യക്ഷമമായി നടത്തി വരുന്നു.